പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 434

27-6-2014-ൽ മറുപടിക്ക്

## ക്വാറികളിലെ വെള്ളക്കെട്ടിലുണ്ടാകുന്ന ജീവഹാനി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എൻ.എ.നെല്ലിക്കുന്ന് :<br>ശ്രീ.വി. എം. ഉമ്മർ മാസ്റ്റർ :<br>ശ്രീ. സി. മമ്മൂട്ടി :<br>ശ്രീ. കെ.എം ഷാജി : | ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധികാര പരിധിയിലെ ക്വാറികളിൽ രൂപം കൊള്ളുന്ന വെള്ളക്കെട്ടിൽ മനുഷ്യനുൾപ്പെടെയുള്ള ജീവ ജാലങ്ങൾക്ക് അപകടക്കെണി യൊരുക്കുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇവയെ വേലികെട്ടി സംരക്ഷിച്ച് മനുഷ്യോപയോഗപ്രദമായ കാര്യ ങ്ങൾക്ക് വിനിയോഗിക്കാനുള്ള പദ്ധതികളെന്തെങ്കിലും പരിഗണന യിലുണ്ടോ? | (ബി) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ ക്വാറികൾ പ്രവർത്തിപ്പിക്കുന്നതിന്, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള സമ്മതപത്രം, സ്വകാര്യ ഭൂമിയാണെങ്കിൽ റവന്യൂ വകുപ്പിൽ നിന്നുള്ള പൊസഷൻ സർട്ടിഫിക്കറ്റ്, റവന്യൂ ഭൂമിയാണെങ്കിൽ 1957-ലെ കെ.എൽ.സി ആക്ട് പ്രകാരം റവന്യൂ വകുപ്പിൽ നിന്നുള്ള അനുമതി, 1998-ലെ എക്സ്പ്ലോസീവ് ചട്ടങ്ങൾ പ്രകാരം ചീഫ് കൺട്രോളർ ഓഫ് എക്സ്പ്ലോസീവ്സിൽ നിന്നുള്ള സ്ഫോടകവസ്തുക്കൾ ഉപയോഗിക്കുന്നതിനുള്ള അനുമതി, ലൈസൻസുള്ള ബ്ലാസ്റ്ററുടെ സേവനം, മൈനിംഗ് & ജിയോളജി വകുപ്പിൽ നിന്നുള്ള ക്വാറിയിംഗ് പെർമിറ്റ് എന്നിവയും 21-2-2014-ലെ പരിസ്ഥിതി വകുപ്പിന്റെ ജി.ഒ (എം.എസ്) 2/2014/ഇഎൻവിറ്റി നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തിയ ശേഷം 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരമാണ് ലൈസൻസ് അനുവദിക്കുന്നത്.<br>ക്വാറിയിംഗ് മൂലം സൃഷ്ടിക്കപ്പെടുന്ന |

ഗർത്തങ്ങളിൽ ശേഖരിക്കപ്പെടുന്ന ജലം പ്രയോജനകരമാക്കുന്നതിനുള്ള നിർദ്ദേശം നൽകുന്നതിനും ടി ഗർത്തങ്ങളിൽ വീണ് മനുഷ്യർക്കും മറ്റ് ജീവജാലങ്ങൾക്കും അപായമുണ്ടാകുന്നത് തടയുന്ന വിധത്തിൽ വേലി കെട്ടി സൂക്ഷിക്കണമെന്നതും സംബന്ധിച്ച് നിലവിൽ പദ്ധതികൾ ഒന്നും തന്നെയില്ല.

എന്നിരുന്നാലും, ഇതു മൂലമുണ്ടാകുന്ന ജീവാപായം തടയുന്നതിന് കർശനമായ നിയമവ്യവസ്ഥകൾ ബന്ധപ്പെട്ട ചട്ടങ്ങളിൽ ഭേദഗതിയായി ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കാവുന്നതാണ്

സെക്ഷൻ ഓഫീസർ